പതിച്ചുകൊടുത്ത ഭൂമി.

* 447. [22] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960 ജനുവരിക്കുശേഷം 1963 ഡിസംബർ 31 നോടുകൂടി കോഴിക്കോടു ജില്ലയിൽ എത്ര ഏക്കർ സർക്കാർവക ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടു്;

(ബി) കൊയിലാണ്ടി താലൂക്കിലെ കുത്താളി എസ്റ്റേറ്റിലുള്ള വള്ളിപ്പുറം എന്ന സ്ഥലത്തുള്ള കൃഷിഭൂമി കൈവശക്കാർക്കു് പതിച്ചുകൊടുക്കാൻ സർക്കാർ ഉത്തരവിട്ടതു് എന്നായിരുന്നു;

(സി) ഇതേവരെ എത്രപേർക്കു് പട്ടയം കൊടുത്തു;

(ഡി) ഭൂമി മുഴുവൻ പതിച്ചുകൊടുത്തിട്ടില്ലെങ്കിൽ അതിനെന്താണു് കാരണം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 4774 ഏക്കർ, 90 സെന്റു്.

(ബി) 22–9–1960.

(സി) 52 പേർക്കു് താല്ക്കാലിക പട്ടയം കൊടുത്തു.

(ഡി) പതിച്ചുകൊടുക്കുവാൻ അനുവദിച്ച ഭൂമി മുഴുവൻ സർവ്വെ ചെയ്തിട്ടില്ലാത്തതിനാലും അഗ്രിക്കൾച്ചറൽ റിസർച്ചു് ഫാമിനും, കുറ്റ്യാടി പ്രോജക്ടു് റിസർവോയറിനും കാർട്ടേഴ്സിനും എടുത്ത സ്ഥലങ്ങളിൽ താമസിച്ചിരുന്ന കൃഷിക്കാരെ മറ്റു സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതിനാലും, ആ സ്ഥലത്തെ വൃക്ഷങ്ങളുടെ കണക്കുകൾ പൂർത്തിയായിട്ടില്ലാത്തതിനാലും, ലാൻഡ് അസൈൻമെന്റു് വകുപ്പിനു് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ലാത്തതുകൊണ്ടും ഭൂമി പതിച്ചുകൊടുക്കുന്നതിനു് കുറെ കാലതാമസം നേരിട്ടു. ഈ ജോലി ത്വരിതപ്പെടുത്തുവാൻ ശ്രമിക്കുന്നതാണു്.

പതിച്ചുകൊടുത്ത പുറമ്പോക്കുഭൂമി.

* 448. [26] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിസ്റ്റുപാർട്ടി ഗവണ്മെന്റിന്റെ കാലത്തു് ഈ സംസ്ഥാനത്തു് ആകെ പതിച്ചുകൊടുത്ത പുറമ്പോക്കു് ഭൂമിയെത്ര;

(ബി) ഇതിൽ ഹരിജനങ്ങൾക്കു് കൊടുത്തതെത്ര;

(സി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ആകെ പതിച്ചുകൊടുത്ത പുറമ്പോക്കു ഭൂമിയെത്ര;

(ഡി) ഇതിൽ ഹരിജനങ്ങൾക്കു് കൊടുത്തതെത്ര;

(ഈ) ഓരോ ജില്ലയിലേയും പേർതിരിച്ചുള്ള കണക്കുകൾ പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly